**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ പ്രതിഭാതീരം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** |

(എ) ആലപ്പുഴ മണ്ഡലത്തിൽ 2023-24-ൽ പ്രതിഭാതീരം പദ്ധതി പ്രകാരം പുതിയ ഭരണാനുമതി നൽകി ഏതൊക്കെ ലൈബ്രറികൾക്കാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ) സംസ്ഥാനത്തെ തീരദേശ പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട വായനശാലകളെ ഇ-ലേണിംഗ് സെന്ററുകളാക്കി മാറ്റുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് പ്രതിഭാതീരം. 2023-24 വർഷം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 75 വായനശാലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 1,17,91,350/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ തുടർ നടപടികളുടെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി GeM പോർട്ടൽ വഴി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുകയായി 1,33,38,750/- രൂപ ക്വട്ടേഷൻ ലഭിക്കുകയും ചെയ്തു. എന്നാൽ മേൽ തുക ഭരണാനുമതി നൽകിയ തുകയേക്കാൾ കൂടുതലായതിനാൽ GeM പോർട്ടലിൽ ലഭിച്ച പുതുക്കിയ തുകയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ചുവടെ പറയുന്ന 7 ലൈബ്രറികളെയാണ് ടി പദ്ധതി വഴി ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

| ക്രമ നം. | ലൈബ്രറിയുടെ പേര് | താലൂക്ക് |
|---|---|---|
| 1 | മോത്തിലാൽ സ്മാരക ഗ്രന്ഥശാല, ചേർത്തല സൗത്ത് പി.ഒ, അർത്തുങ്കൽ | ചേർത്തല |
| 2 | ദേശാഭിമാനി ലൈബ്രറി & റീഡിംഗ് റൂം, അരൂർ പി.ഒ, പ്രോജക്റ്റ് കോളനി | ചേർത്തല |
| 3 | വിജ്ഞാന പ്രദായിനി ഗ്രന്ഥശാല, പുന്നപ്ര | അമ്പലപ്പുഴ |
| 4 | ദേശസേവിനി ഗ്രന്ഥശാല, പൊള്ളേത്തൈ, കലവൂർ പി.ഒ | അമ്പലപ്പുഴ |
| 5 | മഹാകവി കുമാര വൈജയന്തി ഗ്രന്ഥശാല, | കാർത്തികപ്പള്ളി |

| | | |
|---|---|---|
| | മംഗലം പി.ഒ, തൃക്കുന്നപ്പുഴ | |
| 6 | സമീക്ഷ ചാരിറ്റബിൾ സൊസൈറ്റി ഗ്രന്ഥശാല, വലിയഴീക്കൽ പി.ഒ, കാർത്തികപ്പള്ളി | കാർത്തികപ്പള്ള |
| 7 | തണൽ സോഷ്യൽ കൾച്ചറൽ ക്ലബ് & ലൈബ്രറി, തറയിൽ കടവ്, വലിയഴീക്കൽ പി.ഒ | കാർത്തികപ്പള്ള |

സെക്ഷൻ ഓഫീസർ